**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2903** | **12.10.2011- ൽ മറുപടിയ്ക്ക്**

## വിള ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി: ഗീതാ ഗോപി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷിനാശം സംഭവിച്ചാൽ വിള ഇൻഷ്വറൻസ് തുക കർഷകന് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | എ) വിള ഇൻഷ്വർ ചെയ്ത കർഷകർ ഏതെങ്കിലും പ്രകൃതിക്ഷോഭം മൂലം ഇൻഷ്വർ ചെയ്ത വിള പൂർണ്ണമായി നശിച്ചാൽ നഷ്ടം സംഭവിച്ച് 15 ദിവസത്തിനകം കൃഷി ഭവനിൽ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷി ഭവനിൽ അപേക്ഷ ലഭിച്ചാൽ 5 ദിവസത്തിനകം ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി അതിന്റെ പകർപ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് നൽകണം. നഷ്ടപരിഹാര തുക 25000 / - രൂപ വരെയുള്ളത് പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് അനുവദിക്കാവുന്നതാണ്. 25000 / - ൽ കൂടുതൽ ഉള്ള ക്ലെയിമുകൾ സംസ്ഥാന കൃഷി ഡയറക്ടറുടെ അനുമതിയ്ക്കായി കൃഷി ഡയറക്ടറേറ്റിൽ അയയ്ക്കണം. |
| ബി) ഭാഗികമായി വിളനാശം സംഭവിച്ചാൽ ഇപ്പോൾ വിള ഇൻഷ്വറൻസ് തുക നൽകുന്നുണ്ടോ ; | ബി) ഭാഗികമായി വിളനാശം സംഭവിച്ചതിന് ഇൻഷ്വറൻസ് തുക നൽകുന്നില്ല. |
| സി) ഇല്ലെങ്കിൽ അത്തരം കർഷകർക്ക് കൂടി വിള ഇൻഷ്വറൻസ് തുക നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | സി) കാർഷിക വിളകൾ ഭാഗികമായി നഷ്ടപ്പെട്ടാൽ ഇൻഷ്വറൻസ് തുക നിലവിലുള്ള നിയമപ്രകാരം ലഭിക്കുകയില്ല. എങ്കിലും 50 % ന് മുകളിലുള്ള നെൽകൃഷി നാശം, മുഴുവൻ നഷ്ടമായി കണക്കാക്കി ഇൻഷ്വറൻസ് തുക നൽകി വരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ